# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :6695 — 12.07.2012-ൽ മറുപടിയ്ക്ക്

സമഗ്ര വൃക്ഷവത്ക്കരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ലൂഡി ലൂയിസ്<br>,, റ്റി. എൻ. പ്രതാപൻ<br>,, വർക്കല കഹാർ | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | സമഗ്ര വൃക്ഷവത്ക്കരണ പദ്ധതിയുടെ ഉദ്ദേശ്യ — ലക്ഷ്യങ്ങൾ എന്തെല്ലാം ; | എ) | വൃക്ഷാവരണം വർദ്ധിപ്പിച്ച് ആഗോള താപനത്തെ ചെറുക്കുക, മണ്ണ്-ജല സംരക്ഷണം ഉറപ്പുവരുത്തുക, പൊതുജനങ്ങളിൽ പ്രകൃതി സ്നേഹം വർദ്ധിപ്പിക്കുക, സാധാരണ ജനങ്ങൾക്ക് ആവശ്യമുള്ള, തടി, വിറക്, കാലിതീറ്റ എന്നിവ ലഭ്യമാക്കുക, പ്രകൃതി സംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനും സഹായകരമാകുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി) | സാമൂഹ്യവന വൽക്കരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | ബി) | സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഹരിത കേരളം പദ്ധതിയിലൂടെ വിവിധ ഇനം വൃക്ഷ തൈകൾ ഉൽപ്പാദിപ്പിച്ച് സ്കൂൾ, കോളേജ്, പഞ്ചായത്ത്, മത സ്ഥാപനങ്ങൾ, സാമൂഹ്യ സംഘടനകൾ, സർക്കാരിതര സംഘടനകൾ, പൊതുജനങ്ങൾ, എൻ.സി.സി., എൻ.എസ്.എസ്., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവർക്ക് വിതരണം നടത്തി വച്ചു പിടിപ്പിക്കുന്നു. ഇടുക്കി ജില്ലയിലെ മഴ നിഴൽ പ്രദേശത്ത് അനുയോജ്യമായ വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയും റെയിൽവേയുടെ കീഴിലുള്ള ലഭ്യമായ ഭൂമികളിൽ വൃക്ഷ തൈകൾ നട്ടു പിടിപ്പിക്കുന്ന പദ്ധതിയും സ്വകാര്യ ഭൂമിയിൽ വൃക്ഷവൽക്കരണം നടത്തുന്നതിനുള്ള പ്രോത്സാഹന ധന സഹായ പദ്ധതിയും നടപ്പാക്കി വരുന്നു. |
| സി) | എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ? | സി) | സംസ്ഥാനത്തൊട്ടാകെ ടി പദ്ധതി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ